**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1511** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളിയിലെ റവന്യൂ കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളിയിൽ റവന്യൂ വകുപ്പ് സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ ആക്കുന്നതിനും ദുരന്തനിവാരണ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും വിഭാവനം ചെയ്ത റവന്യൂ കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ പുറക് വശത്ത് പഴയ താലൂക്ക് ഓഫീസ് സ്ഥിതി ചെയ്തിരുന്ന, ബ്ലോക്ക് നമ്പർ 11 ൽ റീ സർവ്വെ നമ്പർ 102/3, 4 ൽ ഉൾപ്പെട്ട 0.1819 ഹെക്ടർ വസ്തുവിൽ റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ടോട്ടൽ സ്റ്റേഷൻ സർവ്വെ സ്കെച്ച്, ഉൾപ്പെടുത്തേണ്ട ഓഫീസ്, ജീവനക്കാരുടെ എണ്ണം എന്നിവ പരിഗണിച്ച് എസ്റ്റിമേറ്റ് സഹിതം വിശദമായ പദ്ധതി രൂപ രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനായി (കോട്ടയം ജില്ലാ കളക്ടർ) പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന് സമീപത്തായുള്ള 36 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ഇതിനായി ഉപയോഗിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; | (ബി) | കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന് സമീപത്തായുള്ള 36 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയിൽ റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിന് തടസ്സമില്ല. |
| (സി) | ഇത് സംബന്ധിച്ച റവന്യൂ (എഫ്) വകുപ്പിന്റെ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ലാന്റ് റവന്യൂ കമ്മീഷണറുടെ മറുപടി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (സി) | ഇത് സംബന്ധിച്ച റവന്യൂ (എഫ്) വകുപ്പിന്റെ ഫയലിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത റിപ്പോർട്ട് കാലവിളംബം കൂടാതെ ലഭ്യമാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദവിവരങ്ങൾ അറിയിക്കാമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച വിശദമായ പദ്ധതി രൂപ രേഖ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബഡ്ജറ്റ് ലഭ്യതയ്ക്ക് വിധേയമായി ടി പദ്ധതി യാഥാർത്ഥ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ